പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3273

21.08.2017 ൽ മറുപടിക്ക്

# ജസ്റ്റിസ് കെ.എസ്.രാധാകൃഷ്ണൻ കമ്മിറ്റി നിർദ്ദേശങ്ങൾ

ചോദ്യം

ശ്രീ.റോജി എം.ജോൺ

(എ) സുപ്രീം കോടതി നിർദ്ദേശപ്രകാരം, വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനെപ്പറ്റി പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് കെ.എസ്.രാധാകൃഷ്ണൻ കമ്മിറ്റി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി

ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

(എ) ജസ്റ്റിസ്. കെ.എസ്. രാധാകൃഷ്ണൻ കമ്മിറ്റിയിൽ നിന്നും ലഭ്യമാകുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനായി യഥാസമയം മോട്ടോർ വാഹന വകുപ്പിനും റോഡ് സുരക്ഷാ അതോറിറ്റിയ്ക്കും അയച്ചു കൊടുക്കുന്നുണ്ട്. കമ്മിറ്റിയുടെ നിർദ്ദേശാനുസരണം മോട്ടോർ വാഹന വകുപ്പും റോഡ് സുരക്ഷാ അതോറിറ്റിയും സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.
- അപകടങ്ങൾ കൂടുതലായി സംഭവിച്ച മേഖലകൾ കണ്ടുപിടിക്കുന്നതിനായി കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി ബ്ലാക്ക് സ്പോട്ടുകളെ സംബന്ധിച്ച പ്രോട്ടോക്കോൾ NATPAC തയ്യാറാക്കി സമർപ്പിച്ചത്, കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകരിച്ച് സുപ്രീം കോടതി കമ്മിറ്റിയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. മാത്രവുമല്ല, സംസ്ഥാന തലത്തിൽ പുതുതായി 355 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുകയും ഇവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.
- പാതയോരങ്ങളിലെ ഹോർഡിംങ്ങുകളും മറ്റു സ്ഥാപിക്കുന്നതിന് നിയന്ത്രണ മേർപ്പെടുത്തികൊണ്ട് പുതിയ "Outdoor Advertisement Policy" രൂപീകരിച്ച് സർക്കാർ ഉത്തരവിറക്കുകയും ഇതിന്മേൽ വിവിധ പരസ്യക്കമ്പനികൾ നൽകിയ തടസ്സവാദങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് മേൽ പറഞ്ഞ പോളിസിയിൽ മാറ്റങ്ങൾ വരുത്തുവാൻ സർക്കാർ ഒരു

സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

- വാഹനങ്ങളിൽ നിന്നും ഈടാക്കുന്ന ഒറ്റത്തവണ സെസ്സും, പോലീസ്, മോട്ടോർ വാഹന വകുപ്പുകൾ ഈടാക്കുന്ന പിഴയുടെ 50% ചേർത്ത് റോഡ് സേഫ്റ്റി ഫണ്ട് രൂപീകരിച്ചിട്ടുണ്ട്.
- NATPAC തയ്യാറാക്കിയ റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനും പോളിസിയും 32 -ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം അംഗീകരിക്കുകയും അത് ആവശ്യമായ നടപടികൾക്കായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അനുബന്ധ വകുപ്പുകൾക്കയച്ചു കൊടുക്കുകയും ചെയ്തു.
- പാതയോരങ്ങളിലെ അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി നടപടി സ്വീകരിക്കാൻ പൊതുമരാമത്ത്, പോലീസ്, മോട്ടോർ വാഹന വകുപ്പ്, തദ്ദേശസ്വയം ഭരണം എന്നീ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ പലഭാഗത്തുമുള്ള ഇത്തരം അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ട്.
- ആരോഗ്യ വകുപ്പ് സമർപ്പിച്ച ട്രോമാകെയർ പദ്ധതി സംബന്ധിച്ച് വിശദമായ ഒരു പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ 32 -ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം ഒരു സബ്കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ഈ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.
- 10 കോടി രൂപയ്ക്ക് മുകളിൽ നിർമ്മാണച്ചെലവു വരുന്ന റോഡുകളിൽ നിർമ്മാണമാരംഭിക്കുന്നതിന് മുൻപ് റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തണമെന്ന സർക്കാർ ഉത്തരവായിട്ടുണ്ട്.
- വിവിധ ഗതാഗത ലംഘനങ്ങളെക്കുറിച്ചുള്ള ത്രൈമാസ റിപ്പോർട്ട് സുപ്രീംകോടതി കമ്മിറ്റി ആവശ്യപ്പെട്ട പ്രകാരം നൽകി വരുന്നുണ്ട്.
- റോഡപകടങ്ങളിലെ മരണനിരക്ക് സംബന്ധിച്ച റിപ്പോർട്ട് കമ്മിറ്റിയ്ക്ക് നൽകി വരുന്നു.
- സിനിമാശാലകളിൽ ഓരോ പ്രദർശനവുമാരംഭിക്കുന്നതിന് മുൻപ് നിർബന്ധമായും റോഡ് സുരക്ഷാ പരസ്യങ്ങൾ പ്രദർശിപ്പിക്കുവാൻ ആവശ്യമായ ഉത്തരവുകൾ നൽകാൻ കേന്ദ്ര സംസ്ഥാന സർക്കാരുകളോടാവശ്യപ്പെട്ടിട്ടുണ്ട്.
- മോട്ടോർ വാഹനം - പോലീസ് വകുപ്പുകൾ ഫെബ്രുവരി 15 മുതൽ മാർച്ച് 15 വരെയുള്ള കാലയളവിൽ നിശ്ചിത തീയതികളിൽ ഓരോ ട്രാഫിക്ക്

| | | |
|---|---|---|
| | | നിയമലംഘനങ്ങൾക്കെതിരേ നടപടിയെടുത്തുവരുന്നു.<br>• വാഹനങ്ങളിൽ സ്പീഡ് ഗവർണ്ണർ ഘടിപ്പിച്ചതു സംബന്ധിച്ച ത്രൈമാസ റിപ്പോർട്ട് കമ്മിറ്റിയ്ക്ക് നൽകിവരുന്നു. തേർഡ് പാർട്ടി ഇൻഷുറൻസ് എടുക്കാത്ത വാഹനങ്ങൾക്കെതിരേ സ്വീകരിച്ച നടപടി സംബന്ധിച്ച് ത്രൈമാസ റിപ്പോർട്ട് കമ്മിറ്റിയ്ക്ക് നൽകി വരുന്നു. റെഡ് ലൈറ്റ് ജംപിങ്, ചരക്ക വാഹനങ്ങളിലെ അമിതഭാരം കയറ്റൽ, മദ്യപിച്ച് വാഹനമോടിയ്ക്കൽ, വാഹനമോടിയ്ക്കുമ്പോഴുള്ള മൊബൈൽ ഉപയോഗം തുടങ്ങിയ ട്രാഫിക്ക് കുറ്റകൃത്യങ്ങളിലേർപ്പെടുന്ന വാഹന ഡ്രൈവർമാരുടെ ലൈസൻസ് താത്ക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്പെഷ്യൽ സെൽ രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | ആലപ്പുഴ ജില്ലയിൽ വാഹനാപകടങ്ങൾ മൂലമുള്ള മരണങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എല്ലാ സബ് ആർ.ടി. ഓഫീസുകളിലും മുഴുവൻ സമയ മോട്ടോർ വാഹന എൻഫോഴ്സ്മെന്റ് സംവിധാനം നടപ്പിലാക്കുമോ? | (ബി) മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തു ന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരുടെ തസ്തിക സൃഷ്ടിയ്ക്കുന്നതിന് സർക്കാരിൽ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും, റ്റി.സി. ഓഫീസ്, ഡി.റ്റി.സി. ഓഫീസ് എന്നിവിടങ്ങളിലെ സ്ക്വാഡുകളും വിവിധ ജില്ലകളിൽ സബ് ഓഫീസിനു കീഴിലുള്ള പ്രദേശങ്ങളിലും പരിശോധനകൾ നടത്തുന്നുണ്ട്. എന്നാൽ, സബ് ആർ.ടി. ഓഫീസുകൾ കേന്ദ്രീകരിച്ച് മുഴുവൻ സമയ എൻഫോഴ്സ്മെന്റ് സംവിധാനം ഉദ്യോഗസ്ഥരുടെ തസ്തിക സൃഷ്ടിയ്ക്കുന്ന മുറയ്ക്ക് മാത്രമേ ഏർപ്പെടുത്തുവാൻ സാധിയ്ക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ